## പതിമൂന്നാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 344** — **6.3.2012 ൽ മറുപടിയ്ക്ക്**

# അനർട്ടിന്റെ കീഴിൽ കുഴൽമന്ദത്ത് ആരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ.ബാലൻ | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവകുപ്പുമന്ത്രി) |
| (എ) അനർട്ട്, ഐ.എച്ച്.ആർ.ഡി എന്നീ ഏജൻസികളുടെ സംയുക്ത ആഭിമുഖ്യത്തിൽ കുഴൽമന്ദത്ത് ആരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ പോളി ടെക്നിക്ക് കോളേജിലെ ഭൗതിക, അക്കാദമിക് സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് | (എ) അസൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കോളേജ് മന്ദിരം, ഹോസ്റ്റൽ, ലബോറട്ടറി, ലൈബ്രറി എന്നിവയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് | (ബി) നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) എന്നത്തേക്ക് പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് | (സി) പരമാവധി ഒരു വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) ഈ സ്ഥാപനത്തിൽ സ്ഥിരം അദ്ധ്യാപകർ, സാങ്കേതിക വിഭാഗം ജീവനക്കാർ, മറ്റ് ജീവനക്കാർ എന്നിവരെ നിയമിക്കാനുള്ള ചുമതല ഏത് എജൻസിക്കാണ് | (ഡി) & (ഇ) ഇപ്പോൾ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ നിയമനം ഐ.എച്ച്.ആർ.ഡി. മുഖാന്തിരമാണ് നടത്തിയിട്ടുള്ളത് |
| (ഇ) അവർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്ഥിരം നിയമനങ്ങൾ നടത്താൻ അടിയന്തിര നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ